A

GI 502

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016-17

## മലയാളം

ക്ലാസ്സ് : 5 | കേരളപാഠാവലി | സമയം: 2 മണിക്കൂർ

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) 5/4/3/2/1 എന്നീ രീതിയിൽ പോയിന്റ് കണക്കാക്കി a/b/c/d/e എന്നിങ്ങനെ നിലവാരസൂചകങ്ങൾ നൽകണം.
3. എല്ലാ ചോദ്യത്തിന്റെയും നിലവാര സൂചകങ്ങൾ പരിഗണിച്ച് 5 പോയിന്റ് ശതമാന പട്ടിക ഉപയോഗിച്ച് ഓവറോൾ ഗ്രേഡ് നൽകണം. (A/B/C/D/E) ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.

1.എ. ജീവചരിത്രക്കുറിപ്പ് 4

1. വ്യക്തിയുടെ ജീവിതവുമായി ബന്ധപ്പെട്ട പ്രസക്തമായ വിവരങ്ങൾ ശേഖരിക്കുന്നതിനും പ്രയോജനപ്പെടുത്തുന്നതിനും ക്രമീകരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. (ചുമർപത്രികയിലെ വിവരങ്ങൾ ഉപയോഗിച്ച്, പൂർത്തിയാക്കാനുള്ളവ പൂരിപ്പിച്ച് രചനയിൽ ഉൾപ്പെടുത്തി, ആശയങ്ങൾ ക്രമീകരിച്ച് ഖണ്ഡിക തിരിച്ച് അവതരിപ്പിച്ചിട്ടുണ്ട്.)
2. സ്വന്തം വിലയിരുത്തലും അഭിപ്രായങ്ങളും വായനാനുഭവങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.
3. തുടക്കം, ഒടുക്കം, തലക്കെട്ട് എന്നിവ ആകർഷകവും അനുയോജ്യവുമാണ്.
4. ഭാഷാപരമായ ഭംഗി (വാക്യവൈവിധ്യം, പ്രയോഗങ്ങൾ, സ്വന്തമായ ശൈലി, ഉചിതപദങ്ങളുടെ വിന്യാസം . . . . ) ഉണ്ട്.

ബി. ലൈല 1

2.എ. കഥാപാത്രനിരൂപണം 4

1. കഥാപാത്രവുമായി ബന്ധപ്പെട്ട പ്രധാനവിവരങ്ങൾ പ്രയോജനപ്പെടുത്തിയിട്ടുണ്ട്.
2. കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ കണ്ടെത്തി എഴുതിയിട്ടുണ്ട്.
3. കഥയിലെ സ്ഥാനം, കഥാഗതിയിലുള്ള സ്വാധീനം, മറ്റുള്ളവരോടുള്ള സമീപനം തുടങ്ങിയ ആശയങ്ങൾ എഴുതിയിട്ടുണ്ട്.
4. കഥാപാത്രത്തിന്റെ പെരുമാറ്റം/നിലപാട്/കാഴ്ചപ്പാട് എന്നിവയോടുള്ള യോജിപ്പും വിയോജിപ്പും എഴുതിയിട്ടുണ്ട്.

5. തുടക്കം മുതൽ ആശയപരമായും ഭാഷാപരവുമായ അനുക്രമീകരണം പാലിച്ചിട്ടുണ്ട്.

6. അവതരണമികവ് പുലർത്തുന്നു. (വാക്യവൈവിധ്യം, കഥയിൽ നിന്നുള്ള സവിശേഷ പ്രയോഗങ്ങൾ, സ്വന്തമായ ശൈലി, ഉചിത പദവിന്യാസം സ്വന്തം വ്യാഖ്യാനം കഥാപാത്രത്തിന്റെ സവിശേഷതകൾ വ്യക്തമാക്കാൻ സഹായകമായ ഉദ്ധരണികൾ, മറ്റു കഥാപാത്രങ്ങളുമായുള്ള താരതമ്യം എന്നിവ)

ബി. കുതിര, പന്തി 1

3. പത്രവാർത്ത 5

1. വാർത്തയുടെ/സംഭവത്തിന്റെ പരമാവധി വിവരങ്ങൾ ശേഖരിച്ച് അവ പ്രാധാന്യം അനുസരിച്ച് ക്രമീകരിച്ച് രചന നടത്തിയിട്ടുണ്ട്. (കാതലായ ഭാഗങ്ങളിൽ തുടങ്ങി വിശദാംശങ്ങളിൽ അവസാനിക്കുന്നത്, സ്ഥലകാല സൂചനകൾ, വ്യക്തി സൂചനകൾ . . . .)

2. വസ്തുതകളുടെ പ്രതിപാദനരീതി ലളിതവും, വളച്ചുകെട്ടില്ലാത്തതും, വ്യക്തവുമാണ്.

3. ഉള്ളടക്കത്തിന്റെ സാരാംശവും ഊന്നലും സൂചിപ്പിക്കുന്നതും അതിലേക്ക് ശ്രദ്ധ ആകർഷിക്കുന്നതുമായ ശീർഷകം.

4. കാലബോധം പാലിച്ച് റിപ്പോർട്ടിംഗ് രീതിയിലുള്ള പത്രഭാഷാശൈലി.

4.എ. യാത്രാവിവരണം 4

1. യാത്രയിലെ വിവരങ്ങളും അനുഭവങ്ങളും പരമാവധി ഉൾപ്പെടുത്തിയിട്ടുണ്ട്. (ഏറെ സ്വാധീനിച്ച അനുഭവം, കാഴ്ച, മാർഗവർണന, സ്ഥലകാല സൂചന, . . . . .)

2. ഭാഷാപരമായ ഭംഗി (മിതത്വം, വൈകാരികാനുഭൂതി പ്രതിഫലിക്കാൻ, താരതമ്യങ്ങൾ, വാങ്മയ ചിത്രങ്ങൾ, വർണനകൾ) ഉണ്ട്.

3. സ്വന്തം നിരീക്ഷണങ്ങൾ (യാത്ര എങ്ങനെ അനുഭവപ്പെട്ടു, മാനസികാവസ്ഥ, ഓർക്കുമ്പോൾ എങ്ങനെ? സാമൂഹിക കാഴ്ചപ്പാട്) ഉൾപ്പെടുത്തിയിട്ടുണ്ട്.

ബി. നൈൽ ഡയറി 1

5. ആസ്വാദനക്കുറിപ്പ് 4

1. കവിതയിലെ ആശയങ്ങൾ പൂർണ്ണമായും സ്വാംശീകരിച്ച് സമഗ്രമായി അവതരിപ്പിച്ചിട്ടുണ്ട്. (പ്രധാന കാര്യങ്ങൾ, കവിയെക്കുറിച്ച്, സമാനാശയം വരുന്ന രചനകൾ, കവിതയുടെ ആശയതലം തുടങ്ങിയവ പ്രതിപാദിച്ചിരിക്കുന്നു.)

2. കവിതയിലെ ഭാഷാപരമായ ഗുണങ്ങൾ (സൗന്ദര്യാംശം, ശൈലി, കവി കൽപന, പ്രയോഗഭംഗി, ഔചിത്യം, വർണ്ണന) കണ്ടെത്തിയിട്ടുണ്ട്.

3. സ്വന്തം നിരീക്ഷണങ്ങൾ, കവിതയുടെ സാമൂഹിക പ്രസക്തി എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

4. സർഗാത്മകമായ ഭാഷയിൽ ആസ്വാദനക്കുറിപ്പ് എഴുതുവാൻ ശ്രമിച്ചിട്ടുണ്ട്.

ബി. കുഞ്ചൻനമ്പ്യാർ 1